ഇറക്കുമതി ചെയ്യുന്ന ചകിരി

18 [* 327] പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. ജോർജ് ജെ. മാത്യു :

,, വർക്കല കഹാർ:

,, ലൂഡി ലൂയിസ് :

,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ ചകിരി പുറത്തുനിന്നും കൊണ്ടുവരുന്നു ;

(ബി) ലക്ഷദ്വീപിൽനിന്നും പ്രതിവർഷം എത്ര ടൺ ചകിരിയാണ് കയർ കോർപ്പറേഷൻ വാങ്ങി ചെറുകിട കയർ വ്യവസായികൾക്ക് നൽകിയിരുന്നത് ;

(സി) ഇപ്പോൾ ലക്ഷദ്വീപിൽ നിന്ന് ചകിരി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) 86000 ടൺ.

(ബി) ലക്ഷദ്വീപിൽ നിന്നും ഏകദേശം 78 ടൺ ചകിരി കയർ കോർപ്പറേഷൻ വാങ്ങുകയും അതിൽ 40 ടണ്ണോളം ചെറുകിട വ്യവസായികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിമാർക്സിനെ തുടർന്ന് ലക്ഷദ്വീപിൽനിന്നും ചകിരി ലേലമായി തന്നുകൊണ്ടിരുന്ന നടപടികൾ നിർത്തി ലേലം വച്ചു. ലേലത്തിൽ പങ്കെടുത്തെങ്കിലും ഉയർന്ന ലേലത്തിൽ പോയി. അത് കയർ കോർപ്പറേഷന് ലഭിച്ചിട്ടില്ല. ഏറ്റവും ഉയർന്ന തുകയ്ക്ക് പോയതിനാൽ ഇപ്പോൾ എന്തെങ്കിലും നടപടിക്ക് പ്രസക്തിയില്ല.

(ഡി) കേന്ദ്ര ഗവൺമെന്റിന്, പഴയതുപോലെ ലക്ഷദ്വീപിൽ നിന്ന് ചകിരി കയർ കോർപ്പറേഷന് തന്നെ കൊടുക്കണമെന്ന് എഴുതിയിട്ടുണ്ട്. ഇതിനുപുറമെ ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) എന്ന പൊതുമേഖലാ സ്ഥാപനം വഴി സ്വീകരിച്ചുവരുന്നു. സ്വാശ്രയ സംഘങ്ങളെയും വ്യക്തികളെയുംകൊണ്ട് തൊണ്ട് സംഭരിപ്പിക്കാൻ ആലോചിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly